

# കേരളത്തിലെ നാടൻ വളർത്തു പക്ഷികൾ

കേരളത്തിൽ, മിക്ക വീട്ടുവളപ്പുകളിലും പറമ്പിലുമൊക്കെ കോഴി, താറാവ് തുടങ്ങിയവയെ വളർത്തുന്നത് പണ്ട് സർവ്വസാധാരണമായിരുന്നു. എന്നാൽ മാംസം, മുട്ട എന്നിവയുടെ ആവശ്യം വർദ്ധിച്ചുവന്നപ്പോൾ വാണിജ്യാടിസ്ഥാനത്തിലുള്ള കോഴിവളർത്തലും മറ്റും സംസ്ഥാനത്ത് വ്യാപകമായിത്തുടങ്ങി. വീട്ടുവളപ്പുകളിൽ വളർത്താനും വാണിജ്യാടിസ്ഥാനത്തിൽ വളർത്താനും കേരളത്തിലെ തനതിനങ്ങൾ ഒരു പോലെ യോജിച്ചവയാണ്. അതുപോലെ, നാടിന്റെ പരിസ്ഥിതിയോട് വളരെ ഇണങ്ങുന്ന കുട്ടനാട് താറാവുകളെയും മറ്റും നെൽകൃഷിയോടനുബന്ധമായി വളർത്താനാവും.

തലശ്ശേരികോഴി (Tellichery Chicken):

പേര് സൂചിപ്പിക്കുന്നതുപോലെ, കേരളത്തിലെ കണ്ണൂർ ജില്ലയിൽപ്പെട്ട തലശ്ശേരിയിൽ ഉരുത്തിരിഞ്ഞ ഇനമാണ് തലശ്ശേരി കോഴി. ഇപ്പോൾ ഇവ കൂടുതലായി കാണപ്പെടുന്നത് കോഴിക്കോട് ജില്ലയിലാണ്. കണ്ണൂർ, മലപ്പുറം ജില്ലകളുടെ പ്രാന്തപ്രദേശങ്ങളും പോണ്ടിച്ചേരിയിലെ മാഹിയിലും ഇവ കണ്ടുവരുന്നു. വളർത്തുകോഴികളുടെ പൂർവ്വികജീവിയായ 'Red Jungle Fowl' നോടിതിനു രൂപസാദൃശ്യമുണ്ട്. താരതമ്യേന വലിപ്പം കൂടുതലുള്ള ഇതിന്റെ തൂവൽ കറുപ്പുനിറമാണെങ്കിലും കഴുത്തിന്റെ ഭാഗത്തും പിൻവശത്തും വാലിലും തിളക്കമുള്ള നീലവർണ്ണത്തിന്റെ കലർപ്പ് കാണപ്പെടുന്നു. ചിലത് കഴുത്തിൽ സ്വർണ്ണനിറവും നീലനിറവും കലർന്ന തൂവലോടു കൂടിയവയാണ്. തൊലിക്ക് ചാരനിറമാണ്. കോഴിപ്പൂവ് ചുവന്നതും ഒറ്റയായിട്ടുള്ളതും വലിപ്പമേറിയതുമാണ്. പൂവൻകോഴിക്ക് നിവർന്നതും, പിടക്കോഴിക്ക് പിന്നിലേക്ക് തൂങ്ങിക്കിടക്കുന്നതുമായ പൂവാണുള്ളത്. ലക്ഷണമൊത്ത തലശ്ശേരി കോഴിക്ക് കറുപ്പു കലർന്ന ചുവന്ന പൂവാണുള്ളത്. ഗളസ്തനം ചുവന്നതും ഇടത്തരം വലിപ്പത്തിലുള്ളതുമാണ്. ചെവിയുടെ ഭാഗം ചുവപ്പു നിറമാണ്. ചിലതിന് വെളുത്തതോ ക്രീം നിറത്തിലുള്ളതോ ആയ അടയാളമുമാകും. ചുണ്ടും കണ്ണും കറുപ്പു നിറമാണ്. മാംസത്തിനു വേണ്ടിയാണ് തലശ്ശേരി കോഴിയെ പ്രധാനമായും വളർത്തന്നത്. ആസ്ത്മ, വിരശല്യം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള പാരമ്പര്യ ഔഷധങ്ങൾ തയ്യാറാക്കുന്നതിന് ഇവയെ ഉപയോഗിക്കുന്നു. തുറസ്സായി വിട്ടാണ് ഇവയെ വളർത്തുന്നത്. അവ ചിക്കിചികഞ്ഞ് കിട്ടുന്ന ധാന്യങ്ങൾ, വിത്തുകൾ, പ്രാണികൾ, സസ്യങ്ങൾ എന്നിവ ഭക്ഷിക്കുന്നു. കോഴിത്തീറ്റയൊന്നും സാധാരണയായി ഇവയ്ക്ക് നൽകാറില്ല. തറനിരപ്പിൽ നിന്നും 2-3 അടി ഉയരത്തിൽ തടിയിലുള്ള കൂടുകളിൽ ഇവയെ വളർത്താം. കുഞ്ഞുങ്ങളെ ഇവ അടയിരുന്ന് വിരിയിക്കുന്നതിനാൽ ശൈശവ മരണനിരക്ക് കുറവാണ്.

കഴുത്തിൽ പൂടയില്ലാത്ത കോഴി
(Naked Neck Chicken)

കഴുത്തിൽ പൂടയില്ലാത്ത കോഴികൾ താരതമ്യേന വലിപ്പമുള്ളവയും കഴുത്ത് സിലിണ്ടർ ആകൃതിയിലുള്ളവയുമാണ്. പേരു സൂചിപ്പിക്കും പോലെ ഇവയുടെ കഴുത്തിൽ പൂടകാണപ്പെടുന്നില്ല. കഴുത്തിന് മുൻഭാഗത്ത് നനുത്ത തൂവൽക്കൂട്ടം കാണുന്നു. ചൂടിനെ അതിജീവിക്കുന്നതിനു വേണ്ടിയുള്ള താപനിയന്ത്രണ ജീനുകൾ ഉള്ളതിനാലാണ് ഇവയുടെ

കഴുത്തിൽ പൂട കാണപ്പെടാത്തത്. ഈ ജീനിനെ യു.എസിലെ വൈറ്റ് ലഗോൺ കോഴികളിൽ സന്നിവേശിപ്പിച്ചു പുതിയ ഇനങ്ങളെ ഉരുത്തിരിച്ചിട്ടുണ്ട്. ഈ ഇനങ്ങൾക്ക് ചൂടിനെ തരണം ചെയ്യാൻ സാധിക്കുന്നു. കേരളത്തിൽ, തിരുവനന്തപുരം ജില്ലയിലാണ് ഇവ പ്രധാനമായും കാണപ്പെടുന്നത്. കുഞ്ഞുങ്ങളുായി 20 ആഴ്ചകൊണ്ട് ശരീരഭാരം 1005 ഗ്രാം വരെയാകുന്നു. മുട്ടയുടെ ശരാശരി ഭാരം 54 ഗ്രാമാണ്. വർഷത്തിൽ ശരാശരി 99 മുട്ടകൾവരെയിടുന്നു. 66% പ്രജനനശേഷിയുള്ള ഇവയുടെ 71% മുട്ടകളും അടവിരിയുന്നവയാണ്.

കുട്ടനാടൻ താറാവ്

നെൽകൃഷിയും താറാവ് വളർത്തലും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശമാണ് കുട്ടനാട്. നെൽപ്പാടത്തെ കൊയ്ത്തു കഴിഞ്ഞ് കുട്ടനാട്ടുകാർ അവരുടെ തനതിനമായ കുട്ടനാടൻ താറാവുകൂട്ടങ്ങളെ പാടത്തേക്കിറക്കുന്നു. പാടത്ത് അവശേഷിക്കുന്ന നെൻമണികൾ ഇവ കൊത്തിതിന്നുകയും, അവയുടെ കാഷ്ഠം മണ്ണിന്റെ വളക്കൂറ് കൂട്ടുകയും ചെയ്യുന്നു. കുട്ടനാടൻ താറാവുകൾ ചാരനിറം, തവിട്ട്, ചെമ്പുനിറം, വെള്ള, കറുപ്പ് എന്നീ നിറങ്ങളിലും പുള്ളികളോടു കൂടിയും കാണപ്പെടുന്നു. പുള്ളികൾക്കും നിറത്തിനുമനുസരിച്ച് പ്രാദേശികമായി ഇവ ചാര, ചെമ്പല്ലി, തൂവെള്ള, പുള്ളി, പാണ്ടി എന്നീ പേരുകളിലറിയപ്പെടുന്നു. വളരെ കുറഞ്ഞ പരിപാലനത്തിൽ വളരുന്ന കുട്ടനാടൻ താറാവുകൾ പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കുന്നവയാണ്. കേരളത്തിന്റെ പലഭാഗത്ത് ദേശാടന സമ്പ്രദായത്തിൽ കൊണ്ടുനടന്ന് വളർത്താവുന്നവയുമാണ്. വർഷത്തിൽ ശരാശരി 200 മുട്ടകളിടുന്ന ഇവയുടെ മുട്ടയുടെ ശരാശരി ഭാരം 70 ഗ്രാമാണ്. വിരിഞ്ഞ് 129 ദിവസമാകുമ്പോഴേക്കും ഈയിനം താറാവുകൾ ആദ്യത്തെ മുട്ടയിടുന്നു. 8 ആഴ്ച പ്രായമാകുമ്പോഴേക്ക് ഇവയ്ക്ക് 2.2 കിലോഗ്രാമിൽ കൂടുതൽ ശരീരഭാരമുണ്ടാകും.



തലശ്ശേരികോഴി



കഴുത്തിൽ പൂടയില്ലാത്ത കോഴി



കുട്ടനാടൻ താറാവ്

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.**
**തിരുവനന്തപുരം 695011 ഫോൺ: 04712554740**
www.keralabiodiversity.org
keralabiodiversity@gmail.com

# കേരളത്തിലെ നാടൻ വളർത്തു പക്ഷികൾ



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**